Draft #6 of File 28294/ASSISTANT DASP1/2020/DASTP Approved by ASSISTANT REGISTRAR III (ACADEMIC) on 30-Oct-2020 12:24 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്- ടേം പ്രോഗ്രാംസിൻറെ (DASP) റെഗുലേഷനിൽ ഭേദഗതി ആവശ്യപ്പെട്ട് എക്സിക്യൂട്ടീവ് കമ്മറ്റി സമർപ്പിച്ച ശുപാർശകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 5046/AC A 9/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.10.2020

---

*പരാമർശം:*-1) UO No. 1362/Ac A9/2019 തീയതി: 01.04.2019

2) UO No. 3763/DASTP/2020/എം.ജി.യു, തീയതി: 21.08.2020

3) 07.09.2020 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ:164/28294/ASSISTANT DASP1/2020

**<u>ഉത്തരവ്</u>**

DASPയ്ക്ക് വേണ്ടിയുള്ള അക്കാദമിക് റെഗുലേഷൻ, സൂചന (1) പ്രകാരം നിലവിൽ വന്നിട്ടുള്ളതാണ്. അതിൻപ്രകാരം 2019 ഓഗസ്റ്റ് മാസം മുതൽ 10 റെഗുലർ - പാർട്ടൈം സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകൾ DASP യിൽ ആരംഭിച്ചിരുന്നു. അഡ്മിഷൻ നേടിയ കൂടുതൽ വിദ്യാർത്ഥികളും മറ്റു ജോലികൾ ചെയ്യുന്നവരോ ഉപരിപഠനം നടത്തികൊണ്ടിരിക്കുന്നവരോ ആയതിനാൽ DASP യുടെ ACADEMIC CORE COMMITTEE 07.01.2020 ൽ ചേർന്ന യോഗത്തിൽ നിലവിലെ റെഗുലേഷനിൽ ചില മാറ്റങ്ങൾ നിർദേശിച്ചിരുന്നു. തുടർന്ന് 15.01.2020 ൽ ചേർന്ന DASP യുടെ EXECUTIVE COMMITTEE ഈ നിർദേശങ്ങൾ പരിശോധിക്കുകയും നിലവിലെ റെഗുലേഷനിൽ റെഗുലർ - പാർട് ടൈം പ്രോഗ്രാമുകൾക്ക് പരീക്ഷക്കിരിക്കുന്നതിനുള്ള യോഗ്യതയായി നിഷ്കർഷിക്കുന്ന 75 % ഹാജരിലും , internal marks ൽ separate minimum വേണമെന്നുള്ള നിബന്ധനകളിൽ ചില മാറ്റങ്ങൾ ശുപാർശ ചെയ്തിരുന്നു.

റെഗുലേഷനിൽ മാറ്റം വരുത്തുന്നതിനുള്ള ടി ശുപാർശകൾ അക്കാഡമിക് കൗൺസിലിന് സമർപ്പിക്കുവാൻ സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി സർവ്വകലാശാലാ ഉത്തരവിലെ ഖണ്ഡിക 9(a), 9(b) എന്നിവ വൈസ് ചാൻസലറുടെ ഉത്തരവ് അനുസരിച്ച് അക്കാദമിക് കൗണ്സിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

ശുപാർശകൾ താഴെക്കൊടുക്കുന്നു:-

ഖണ്ഡിക 9 (a) :- നിലവിലെ DASP റെഗുലേഷനിലുള്ള, പരീക്ഷ എഴുതുന്നതിന് ആവശ്യമായ ഹാജർ 75% എന്നുള്ളത് പ്രോഗ്രാമിൻറെ സവിശേഷതകൾ പരിഗണിച്ച് 55%

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

എന്നു നിജപ്പെടുത്താവുന്നതും 5 % Condonation അനുവദിക്കാവുന്നതുമാണ്.

ഖണ്ഡിക 9 (b) :- നിലവിലെ DASP റെഗുലേഷനിൽ INTERNAL-ന് മിനിമം 40 % മാർക്ക് വേണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രോഗ്രാമിൻറെ പ്രത്യേകത പരിഗണിച്ച് INTERNAL ന് separate pass minimum ഒഴിവാക്കാവുന്നതാണ്.

പരാമർശം (3) പ്രകാരം 07.09.2020 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് പ്രകാരം ഡയകൂറേറ്റ് ഫോർ അപ്ലൈഡ് ഷോർട് _ ടേം പ്രോഗ്രാംസിൻ്ററെ (DASP) റെഗുലേഷനിൽ ഭേദഗതി വരുത്തുന്നതിനുള്ള ടി ശിപാർശകൾ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3
(അക്കാദമിക്)

പകർപ്പ്

1) 1. ഡോ റോബിനറ്റ് ജേക്കബ്, അസോസിയേറ്റ് പ്രഫസർ ഇൻ ചാർജ്, DASP
2) വി സി /പി വി സി എന്നിവരുടെ പി എസ്
3) രജിസ്ട്രാർ/പരീക്ഷാ കണ്ട്രോളർ എന്നിവരുടെ പി എ
4) ജെ ആർ II/ഡി ആർ II/എ ആർ III (അക്കാദമിക്)
5) ജെ ആർ I/ഡി ആർ IV/എ ആർ XIX/XV/XIX (പരീക്ഷ)
6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ ക്യു എ സി/ എ സി സി
7) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

Draft #6 of File 28294/ASSISTANT DASP1/2020/DASTP Approved by ASSISTANT REGISTRAR III (ACADEMIC) on 30-Oct-2020 12:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം